കൊണ്ടിരിക്കുന്നു. എച്ച്.ബി.എ1.സി., എൽ.എച്ച്., എഫ്.എസ്.എച്ച് പ്രൊലാക്ടിൻ, പി.എസ്.എ. എന്നീ ടെസ്റ്റുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. എച്ച്.ബി.എ1.സി. ടെസ്റ്റ് പ്രമേഹ രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് വളരെയധികം പ്രയോജനപ്രദമാണ്. എൽ.എച്ച്., എഫ്.എസ്.എച്ച് പ്രൊലാക്ടിൻ ടെസ്റ്റുകൾ വന്ധ്യതാ ചികിത്സയ്ക്ക് ആവശ്യമാണ്. പി.എസ്.എ. ടെസ്റ്റുകൾ പ്രൊസ്റ്റാറ്റിക് ട്യൂമറുകൾ നിർണ്ണയിക്കുന്നതിന് പ്രയോജനപ്രദമാണ്. എച്ച്1.എൻ.1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കി എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2011-12 വർഷം മുതൽ 2014-15 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ എന്നിവ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശിപാർശ പരിശോധിച്ചു വരികയാണ്. പബ്ലിക് ഹെൽത്ത് ലാബുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലാബറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 623.2 ലക്ഷം രൂപയുടെ പ്രൊപ്പോസലും ഇതിൽപ്പെടും. അസറ്റ് മെയിന്റനൻസിന് വേണ്ടി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് 50 ലക്ഷം രൂപയും, എറണാകുളം റീജിയണൽ ലാബിന് 33.5 ലക്ഷം രൂപയും കൊല്ലം ജില്ലാ ലാബിന് 10 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ആരോഗ്യ വകുപ്പിൽ, 2011-2015 കാലയളവിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ആശുപത്രികളോടനുബന്ധിച്ചുള്ള ലാബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഘടകങ്ങളും ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും മതിയായ തുക അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കടൽഭിത്തി നിർമ്മിക്കുന്നതിലെ പുരോഗതി

24 (*234) ശ്രീ. പി. വിശ്വൻ:
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽഭിത്തി നിർമ്മാണത്തിൽ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി എത്ര കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചുവെന്നും എത്ര കിലോമീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണം നടത്തിയെന്നും വെളിപ്പെടുത്തുമോ ;

(സി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഗാബിയോൺ കടൽഭിത്തി നിർമ്മാണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ;

(ഡി) ഈ വർഷം എത്ര കിലോമീറ്റർ കടൽഭിത്തി നിർമ്മാണത്തിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) ഇതുവരെ എത്ര കിലോമീറ്റർ പൂർത്തിയായിട്ടുണ്ട് ; സുനാമി ബാധിത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ?

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006-2010 കാലഘട്ടത്തിൽ കടൽഭിത്തിയുടെ നിർമ്മാണത്തിലും പുനരുദ്ധാരണത്തിലുമുള്ള പുരോഗതി ചുവടെ ചേർക്കുന്നു :

12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 16.337 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തിയും 42.294 കി.മീ. നീളത്തിൽ പുനരുദ്ധാരണവും 20 പുലിമുട്ടുകളും നിർമ്മിച്ചു. ഇതിനായി ആകെ 167.92 കോടി രൂപ ചിലവഴിച്ചു. സുനാമി പുനരധിവാസ പദ്ധതിയിൽ കടൽഭിത്തിയും 35.177 കി.മീ. നീളത്തിൽ പുനരുദ്ധാരണവും 15 പുലിമുട്ടുകളും നിർമ്മിച്ചു. ഇതിനായി 115.77 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

ഗംഗാ നദീതടങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സർക്കാർ സഹായം ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ എറിയാട് എന്ന സ്ഥലത്ത് 0.490 കിമീ. നീളത്തിൽ 209.50 ലക്ഷം രൂപ ചെലവഴിച്ച് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്.

ഗാബിയോൺ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് താഴെപ്പറയുന്ന പ്രത്യേകതകൾ ഉണ്ട്. വലിപ്പം കുറഞ്ഞ കരിങ്കൽ കഷണങ്ങൾ ഗാബിയോൺ വലയ്ക്കുള്ളിലാക്കി ബലവത്താക്കി വരിഞ്ഞു മുറുക്കി ഒറ്റയുണിറ്റിലാക്കി ഉപയോഗിക്കുന്നതിനാൽ ഇത് ഒരു മോടോലിത്തിക് സംവിധാനമായി പ്രവൃത്തിക്കുന്നു. അതായത് ഒരു വലിയ പാറയുടെ പ്രയോജനം ലഭിക്കുന്നു.

വലയ്ക്കുള്ളിൽ ഇത് ഒരു ഫ്ളെക്സിബിൾ മീഡിയം ആയി പ്രവൃത്തിക്കുന്നതിനാൽ തിരമാലകളുടെ സമ്മർദ്ദത്തെയും ഇത് അതിജീവിക്കുന്നു.

തിരയടിച്ചും മറ്റും കടൽഭിത്തി കടന്ന് കരയിലേക്ക് വരുന്ന വെള്ളം കടൽഭിത്തിക്ക് കേടുപാടുകൾ സംഭവിക്കാതെ തിരിച്ചൊഴുകുന്നതിന് ഇതിന്റെ പ്രത്യേകമായ നിർമ്മാണ രീതി സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വലയ്ക്കുള്ളിൽ നിക്ഷേപിച്ചിരിക്കുന്ന കരിങ്കൽ കഷണങ്ങൾക്കിടയ്ക്ക് എക്കലും ചെളിയും അടിയുകയും അതിൽ നിന്നും വളർന്നുവരുന്ന ചെറുതും വലുതുമായ സസ്യജാലങ്ങൾ ഇതിന്റെ ഒരു സ്ഥിരമായ സ്ട്രക്ചർ ആക്കി നിലനിറുത്തുകയും പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യുന്നു.

(ഡി&ഇ) 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-2013 കാലയളവിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിൽ ആരംഭിച്ച കടൽഭിത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ തൃശ്ശൂർ ജില്ലയിലെ എസ്.എൽ.പുരം പഞ്ചായത്തിലെ രണ്ടും വാടാനപ്പിള്ളി പഞ്ചായത്തിലെ ഒന്നും പുനരുദ്ധാരണ പ്രവൃത്തികൾ ഒഴികെ മറ്റുള്ളവയും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽഭിത്തിയും 35.177 കി.മീറ്റർ നീളത്തിൽ പുനരുദ്ധാരണവും പൂർത്തിയായിട്ടുണ്ട്.

അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

25(*235) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർസംസ്ഥാന ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തമിഴ്നാട്-കർണ്ണാടകം എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന ബസ് സർവ്വീസ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(സി) അന്തർസംസ്ഥാന സർവ്വീസുകൾ ലാഭകരമാണോ എന്ന് വിശദമാക്കുമോ ;

(ഡി) വോൾവോ ബസ്സുകൾ സർവ്വീസ് തുടങ്ങിയശേഷം അന്തർ സംസ്ഥാന സർവ്വീസ് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) കൂടുതൽ അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) ഇരു അയൽ സംസ്ഥാനങ്ങളുമായും അന്തർ സംസ്ഥാന സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി. കാലാകാലങ്ങളിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ബഹുഭൂരിപക്ഷം അന്തർ സംസ്ഥാന സർവ്വീസുകൾക്കും പുതിയ ബസുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly